ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കെ.എ. ബാലനെയാണ് അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളത്. സീനിയർ സൂപ്രണ്ടായി നിയമനം ലഭിക്കുന്നതിനുമുമ്പ് എക്സൈസ് ഇൻസ്പെക്ടറായി നിയമിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ ശ്രീ. ബാലനെ തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ശ്രീ. ബാലന്റെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ലെന്ന കാരണത്താൽ എക്സൈസ് ഇൻസ്പെക്ടറായുള്ള ശ്രീ. ബാലന്റെ തിരഞ്ഞെടുപ്പിന് സാധുത നൽകണ്ടായെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ആ ഉത്തരവിന്റെ വെളിച്ചത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസ്തുത തിരഞ്ഞെടുപ്പ് റദ്ദാക്കുകയും ചെയ്തു. ഈ നടപടിക്കെതിരായി ശ്രീ. ബാലൻ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയും അതു കോടതി അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ വിധിക്കെതിരെ സർക്കാർ ഒരു അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ശ്രീ. ബാലനെ അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം ലഭിക്കുന്ന സമയത്ത് ഈ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു. അതുകൊണ്ട് അപ്പീലിന്റെ വിധിക്കു വിധേയമായിട്ടാണ് ശ്രീ. ബാലനെ അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമിച്ചത്. അക്കാര്യം നിയമന ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ടായിരുന്നു. 25.8.1978-ൽ ഹൈക്കോടതിയിൽ സർക്കാരിന്റെ അപ്പീൽ അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലനെ പിരിച്ചുവിടുകയും ചെയ്തു.

ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി

1368 [2220] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി ശ്രീ. രവിവർമ്മ, തൽസ്ഥാനത്തു ഒരു വർഷംകൂടി തുടരുന്നതിന് അനുവദിക്കണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ ഗവൺമെന്റ് എന്ത് തീരുമാനമെടുത്തു;

(സി) അദ്ദേഹത്തെ തൽസ്ഥാനത്തു തുടരാനനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. രവിവർമ്മയെ സെക്രട്ടറിയേറ്റിലേക്ക് തിരിച്ചയക്കാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാലും പകരമൊരാളെ നിയമിക്കുന്നതുവരെ തൽസ്ഥാനത്തു തുടരാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly